(സി) മുഴുവൻ ഭൂമിയും ജന്മി പല ആളുകൾക്കായി പലപ്പോഴായി കൈമാറിയിട്ടുണ്ട്. ജന്മിയുടെ കൈവശത്തിൽ ഇപ്പോൾ ഭൂമി ബാക്കിയില്ല.

(ഡി) 15.41 ഹോക്ടർ ഭൂമി നിക്ഷിപ്ത വനഭൂമിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് നിയമനം

119 [1058] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം, പ്രമോഷൻ നിയമനം എന്നിവയ്ക്കുള്ള റേഷ്യോ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നേരിട്ടുള്ള നിയമനം അവസാനമായി നടത്തിയത് എപ്പോഴാണ് ;

(സി) അതിനുശേഷം ഇപ്രകാരം നിയമനത്തിന് റിസർവ്വ് ചെയ്യേണ്ട എത്ര ഒഴിവുകൾ ഉണ്ടായെന്നും അവ എങ്ങനെ നികത്തിയെന്നും വ്യക്തമാക്കുമോ ;

(ഡി) അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു ;

(ഇ) അവയിൽ എത്ര നിയമനം നടന്നു ;

(എഫ്) ബാക്കി ഒഴിവുകൾ എപ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഡെപ്യൂട്ടി കളക്ടർമാരെ സംബന്ധിച്ചുള്ള സ്പെഷ്യൽ ചട്ടപ്രകാരം, ഡെപ്യൂട്ടി കളക്ടർമാരുടെ സ്ഥിരം തസ്തികകളിൽ 5-ൽ ഒരാളെ എന്ന ക്രമത്തിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടതാണ് എന്ന് അനുശാസിക്കുന്നു.

(ബി) 31-12-2004-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഒന്നാം റാങ്കുകാരനായ ശ്രീ. പി. സുരേഷ് ബാബുവിന് 9-8-2005-ലെ ജി.ഒ. (എം.എസ്) നമ്പർ 251/2005/ആർ.ഡി. പ്രകാരം നേരിട്ടുള്ള നിയമനം നൽകിയിട്ടുണ്ട്.

(സി) അതിനുശേഷം ഒഴിവുകൾ ഉണ്ടായിട്ടില്ല.

(ഡി & ഇ) എന്നാൽ ഹൈക്കോടതിയുടെ ഒരു ഇടക്കാല ഉത്തരവനുസരിച്ച് 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയിലേക്കുള്ള നിയമന ശുപാർശ കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തിയാൽ മതിയെന്നും കോടതി ഉത്തരവായിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly